LIBRARY ARCHIVES Kerala Legislative Assembly

ബചത്ത് ലാമ്പ് യോജന

161 (5566) ശ്രീ. വി. കെ. ഇബ്രഹിം കുഞ്ഞ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക പട്ടിക സമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന വൈദ്യുതി ബോർഡ് മുഖേന ഏതെല്ലാം പദ്ധതികളിൽപ്പെടുത്തിയാണ് സി.എഫ്. എൽ. വിതരണം നടത്തുന്നത് എന്ന് വെളിപ്പെടുത്താമോ ;

(ബി) 'ബചത്ത് ലാമ്പ് യോജന' പ്രകാരം എത്ര സി.എഫ്.എൽ. വിതരണം നടത്തിയിട്ടുണ്ട് ; അതിനായി കേന്ദ്ര ഗവൺമെന്റിൽ നിന്നും എന്തു തുക ലഭിച്ചു ?

ഉത്തരം

(എ) സംസ്ഥാനത്ത് ഊർജ്ജ സംരക്ഷണ പ്രവർത്തനങ്ങളുടെ ഭാഗമായി കഴിഞ്ഞ വർഷം 10 ലക്ഷം സി.എഫ്.എൽ. വിതരണം ചെയ്തിരുന്നു. ഇപ്പോൾ ഒന്നരക്കോടി സി.എഫ്.എൽ. വിതരണം നടന്നു വരുന്നു.

(ബി) ഒന്നരക്കോടി സി.എഫ്.എൽ. വിതരണ പരിപാടിയിൽ 12-7-2010-ലെ കണക്കനുസരിച്ച് സംസ്ഥനത്തെ ഗാർഹിക ഉപഭോക്താക്കൾക്കായി 1,13,76,374 എണ്ണം സി.എഫ്.എൽ. വിതരണം ചെയ്തിട്ടുണ്ട്. ഇതിനായി കേന്ദ്ര സർക്കാരിൽനിന്നും തുകയൊന്നും കിട്ടിയിട്ടില്ല. ബ്യൂറോ ഓഫ് എനർജി എഫിഷ്യൻസിയുടെ ബചത്ത് ലാമ്പ് യോജന പദ്ധതി മുഖാന്തിരം ഐക്യരാഷ്ട്ര സഭയുടെ ക്യോട്ടോ ഉടമ്പടി പ്രകാരമുള്ള കാർബൺ ക്രഡിറ്റിന് പദ്ധതി സമർപ്പിച്ചിട്ടുണ്ട്.

ആലപ്പുഴ ജില്ലയിലെ വള്ളിക്കുന്നം, ഭരണിക്കാവ് എന്നീ പഞ്ചായത്തുകളിൽ വിതരണം ചെയ്ത സി.എഫ്.എൽ.

162 (5567) ശ്രീ. എം. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക പട്ടിക സമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് പട്ടികജാതി-പട്ടികവർഗ്ഗ കുടുംബങ്ങൾക്കും, ബി.പി.എൽ. കുടുംബങ്ങൾക്കും സി.എഫ്.എൽ നല്കിയ പദ്ധതിയിൽ ആലപ്പുഴ ജില്ലയിലെ ഭരണിക്കാവ് ബ്ലോക്ക് പഞ്ചായത്തിലെ വള്ളിക്കുന്നം, ഭരണിക്കാവ് എന്നീ പഞ്ചായത്തുകളിൽ എത്ര കുടുംബങ്ങൾക്ക് സി.എഫ്.എൽ. നൽകി ;

(ബി) ഈ പദ്ധതിക്കായി എത്ര സി.എഫ്.എൽ. പ്രസ്തുത പഞ്ചായത്തുകളിലേക്ക് വിതരണത്തിന് കൊടുത്തിരുന്നു ;

(സി) ഇതിന്റെ ചുമതല ആരെയാണ് ഏല്പിച്ചിരുന്നത് ;

(ഡി) പ്രസ്തുത പദ്ധതിയുടെ ഗുണഭോക്താക്കളുടെ ലിസ്റ്റ് നൽകുമോ?